**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4268** — **09-08-2021 - ൽ മറുപടിയ്ക്ക്**

**തൊഴിൽ വകുപ്പിൻ കീഴിലെ പ്രധാന സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന തൊഴിൽ വകുപ്പിൻ കീഴിലെ പ്രധാന സ്ഥാപനങ്ങൾ എത്രയെന്നും അവയിലെ തൊഴിലാളികൾ എത്ര എന്നും എത്ര ഒഴിവുകൾ പ്രസ്തുത മേഖലയിൽ നിലവിലുണ്ട് എന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാന തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രധാനമായും 178 മേഖലകളിലായി കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം രജിസ്ട്രേഷൻ എടുത്ത 3,53,592 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു; ഈ സ്ഥാപനങ്ങളിലായി 13,29,183 തൊഴിലാളികൾ ജോലി ചെയ്യുന്നു. കൂടാതെ ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിന്റെ കീഴിൽ 24,442 ഫാക്ടറികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി ഫാക്ടറികളിൽ 6,98,592 തൊഴിലാളികൾ ജോലി ചെയ്ത് വരുന്നു. പ്രസ്തുത മേഖലകളിലെ ഒഴിവുകൾ സംബന്ധിച്ച വിവരം ലഭ്യമല്ല. |
| (ബി) | പ്രസ്തുത മേഖലയിലെ പരാതികളിലും അപേക്ഷകളിലും രജിസ്ട്രേഷൻ/രജിസ്ട്രേഷൻ പുതുക്കൽ എന്നിവകളിലും സമയബന്ധിതമായ നടപടികൾ വകുപ്പിൽ നടപ്പാക്കാനായി സ്വീകരിച്ച വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്ത് തൊഴിൽ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും പുതുക്കുന്നതിനും പൂർണ്ണമായും ഓൺലൈൻ സംവിധാനം ഒരുക്കിയിട്ടുണ്ട്. ലേബർ കമ്മീഷണറുടെ www.lc.kerala.gov.in എന്ന വെബ്സൈറ്റിൽ കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം അപേക്ഷ നൽകുന്ന അപേക്ഷകർക്ക് അപേക്ഷ സമർപ്പിച്ച അന്നുതന്നെ രജിസ്ട്രേഷൻ എടുക്കാവുന്നതാണ്. ലൈസൻസ് പുതുക്കുന്നതിനായി അപേക്ഷകർ സ്വന്തമായി തന്നെ അപേക്ഷ സമർപ്പിച്ച് സർട്ടിഫിക്കറ്റ് എടുക്കുന്ന തരത്തിൽ ഓട്ടോമേറ്റഡ് റിന്യൂവൽ സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എൻഫോഴ്സ്മെന്റ് വിഭാഗം ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ തൊഴിൽ വകുപ്പിൽ പ്രവർത്തിക്കുന്ന കോൾ സെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങൾക്കും |

| | | | |
|---|---|---|---|
| | | | പരാതികൾക്കും പരിഹാരം കാണാവുന്നതുമാണ്. ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിൽ സേവനാവകാശത്തിൽ പരാമർശിക്കുന്ന എല്ലാ സേവനങ്ങളും FABOS എന്ന ഓൺലൈൻ സംവിധാനം മുഖേന ലഭ്യമാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ